**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3721** **26-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ തലത്തിൽ പാൽപ്പൊടി ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമില്ലാത്ത പാൽ കേരളത്തിൽ എത്തുന്നത് തടയാൻ ക്ഷീരവികസന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. |
| (ബി) | ക്ഷീരവികസന വകുപ്പ് പാൽപ്പൊടി ഫാക്ടറി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര ടൺ ഉൽപ്പാദനശേഷിയുള്ള ഫാക്ടറിയാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | ഇല്ല. മിൽമ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലപ്പുറം ജില്ലയിൽ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏകദേശം 53 കോടി രൂപ ചെലവഴിച്ച് 10 മെട്രിക് ടൺ ഉല്പാദന ശേഷിയുള്ള ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ